# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **3160** — **20/6/2014** ൽ മറുപടിയ്ക്ക്

## തെങ്ങിന്റെ കൂമ്പുചീയൽ രോഗം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ഇ.കെ. വിജയൻ | | **ശ്രീ. കെ.പി. മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) | കൂമ്പുചീയൽ രോഗം മൂലം വ്യാപകമായി തെങ്ങുകൾ നശിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ഇതു തടയുന്നതിന് എന്തെല്ലാം മുൻ കരുതലുകളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ? | (ബി) 2013 വർഷത്തിൽ ശക്തമായ കാലവർഷം മൂലവും അധികരിച്ച ആപേക്ഷികാർദ്രത (ആർ എച്ച്) മൂലവും കണ്ണൂർ, കോഴിക്കോട്, കാസർഗോഡ് ജില്ലകളിലെ തെങ്ങുകൾക്ക് വ്യാപകമായി കൂമ്പുചീയൽ രോഗം ബാധിക്കുകയുണ്ടായി. രോഗവ്യാപനം ശ്രദ്ധയിൽപ്പെട്ടപ്പോൾ തന്നെ കൃഷി ശാസ്ത്രജ്ഞർ ഉൾപ്പെട്ട വിദഗ്ദ്ധസംഘം (എം.ഡി.ഡി.റ്റി) പ്രസ്തുത ജില്ലകളിലെ രോഗബാധിത പ്രദേശങ്ങൾ സന്ദർശിക്കുകയും രോഗം പടരുന്നത് തടയുന്നതിനുള്ള പ്രതിരോധ പ്രവർത്തനങ്ങൾ ശുപാർശ ചെയ്യുകയും ചെയ്തു. രോഗം സ്ഥിരമായി കാണപ്പെടുന്ന പ്രദേശങ്ങളിൽ മഴക്കാലത്തിന് മുമ്പ് രോഗ പ്രതിരോധ പ്രവർത്തനമെന്ന നിലയിൽ മാങ്കോസെബ് അടങ്ങിയ ചെറിയ സാഷേ പായ്ക്കറ്റുകൾ നടുനാമ്പിന് ചുറ്റുമുള്ള ഓലമടലുകൾക്കിടയിൽ വയ്ക്കുന്നത് ഫലപ്രദമാണെന്ന് കർഷകർക്ക് നിർദ്ദേശം നൽകി വരുന്നുണ്ട്. കൂടാതെ 2013-14 കാലയളവിൽ പ്രസ്തുത ജില്ലകളിൽ 234347 തെങ്ങുകളിൽ മരുന്നുതളി നടത്തുകയുണ്ടായി. വിള ആരോഗ്യപരിപാലന പദ്ധതി പ്രകാരം രോഗബാധ ഉണ്ടാകാനുള്ള സാധ്യത നിരീക്ഷണത്തിലൂടെ കണ്ടെത്താനും രോഗമുണ്ടായാൽ അടിയന്തിര പ്രതിരോധ |

പ്രവർത്തനങ്ങൾ എം.ഡി.ഡി.റ്റി യുടെ സഹായത്തോടെ നടപ്പിലാക്കുന്നതിനും ഉദ്ദേശിക്കുന്നു. 2013 ൽ തെങ്ങുകൃഷിക്കുണ്ടായ കൂമ്പുചീയൽ രോഗം നിയന്ത്രിക്കുന്നതിന് 260.6066 ലക്ഷം രൂപ കണ്ണൂർ, കോഴിക്കോട്, കാസർഗോഡ് ജില്ലകളിലായി ചെലവഴിച്ചിട്ടുണ്ട്. പെട്ടെന്നുണ്ടാകുന്ന കീട/ രോഗബാധ നിയന്ത്രണത്തിനായി 2014-15 ൽ 200 ലക്ഷം ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ